ചെറുകഥ

# നാഗപടത്താലി

**സാംജീവ്**

അയാളുടെ പേര് കല്യാണക്കുട്ടൻ എന്നായിരുന്നു. എന്നാൽ പഠിച്ച കാളേജിൽ അയാൾ അറിയപ്പെട്ടിരുന്നത് ശകുനിക്കുട്ടൻ എന്നായിരുന്നു. ചിലർ അയാളെ ശകുനിയെന്നും വിളിച്ചിരുന്നു.

സ്നേഹിതനായ ആനന്ദക്കുട്ടന്റെ വിവാഹദിനത്തിൽ അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ട് ശകുനി പറഞ്ഞു.

"എടാ, മംഗളാശംസകൾ. ഞങ്ങളുടെ നാട്ടുകാരി ഒരു സുന്ദരിപ്പെണ്ണിനെ ആണല്ലോ നീ കെട്ടിയത്. പിന്നൊരു കാര്യം. അടുത്ത ബുധനാഴ്ച വിരുന്നൂണ് എന്റെ വീട്ടിൽ. നിന്റെ വധൂഗൃഹത്തിൽ നിന്ന് അഞ്ചു മൈൽ ദൂരം മാത്രമേയുള്ളു. ഞാൻ കാറുമായി വരാം."

"തീർച്ചയായിട്ടും ഞങ്ങൾ വന്നിരിക്കും."

ആനന്ദക്കുട്ടൻ സമ്മതം മൂളി.

"നിങ്ങൾ ആത്മാർത്ഥ സുഹൃത്തുക്കൾ ആയിരുന്നല്ലോ. ആനന്ദക്കുട്ടന്റെ വീട്ടുകാരൊക്കെ എങ്ങനുണ്ട്?"

വിരുന്നൂണിന്റെ ദിവസം ആനന്ദക്കുട്ടൻ അടുത്തില്ലാത്ത ഒരു നിമിഷത്തിൽ നവവധുവായ ഷൈനി ശകുനിയോട് ചോദിച്ചു.

"ആനന്ദക്കുട്ടൻ ഒരു പാവമാ. ശുദ്ധ നാട്ടിൻപുറത്തുകാരൻ. അഞ്ചുവർഷം കാളേജിൽ പഠിച്ചെങ്കിലും ഒരു പരിഷ്ക്കാരവുമില്ലാത്ത ഒരു ഗ്രാമീണൻ."

"അമ്മ എങ്ങനെയാണ്?"

ഷൈനി എടുത്തു ചോദിച്ചു.

"ഞാനൊരു പത്ത് തവണയെങ്കിലും ആനന്ദക്കുട്ടന്റെ വീട്ടിൽ പോയിട്ടുണ്ട്. അവരുടെ തന്റേടമാ അവനെ എഞ്ചിനീയറാക്കിയത്.

അവന്റെ അച്ഛന് റബ്ബർവെട്ടായിരുന്നു തൊഴിൽ. അപ്പോൾ ഊഹിക്കാമല്ലോ അവരുടെ സംസ്ക്കാരം. ഈ തള്ള ജഗജ്ജില്ലിയാണ്. ആനന്ദക്കുട്ടനാണ് അവരുടെ എല്ലാമെല്ലാം. ഷൈനി സൂക്ഷിച്ചും കണ്ടും നില്ക്കണം."

ശകുനി പറഞ്ഞുനിറുത്തി.

ഷൈനിയുടെ മുഖത്ത് മ്ലാനത പടർന്നു.

"ആ പെങ്ങന്മാർ എങ്ങനെയുണ്ട്?"

ഷൈനി ചോദിച്ചു.

"എല്ലാം ഒരു തരമാ. റബ്ബർവെട്ടുകാരന്റെ മക്കളല്ലേ? ആനന്ദക്കുട്ടന് ഒരു തന്റേടമില്ല. ജഗജ്ജില്ലിയായ തള്ളയുടെ ഭരണമാണവിടെ. അവരൊരു ഈറ്റപ്പുലിയാ. അവർ  ഇപ്പോഴും ആനന്ദക്കുട്ടന് ചോറ് വാരിക്കൊടുത്താ തീറ്റിക്കുന്നത്."

ശകുനിയുടെ ഏഷണി ഫലിച്ചു. ഷൈനിയുടെ ഹൃദയത്തിൽ കയ്പ് നിറഞ്ഞു.

"ഇത്രയും സമ്പത്തുള്ള വീട്ടിലെ മോളായ ഷൈനി എങ്ങനെയാണ് ഒരു റബ്ബറുവെട്ടുകാരന്റെ മോനെ കല്യാണം കഴിച്ചത്? എനിക്ക് കേട്ടിട്ട് അത്ഭുതം തോന്നുന്നു."

ശകുനി അത്ഭുതം പ്രകടിപ്പിച്ചു.

"നിങ്ങൾ കൂട്ടുകാരാണല്ലോ. ആനന്ദക്കുട്ടന്റെ സ്വഭാവമെങ്ങനെ?"

ഷൈനി ചോദിച്ചു. അവളുടെ ചോദ്യത്തിൽ പരിഭവവും വേദനയും നിരാശയും കലർന്നിരുന്നു.

"ഞാൻ പറഞ്ഞല്ലോ, ഞങ്ങൾ അഞ്ചുകൊല്ലം ഒരു ബഞ്ചിൽ ഇരുന്നാ പഠിച്ചത്. ആനന്ദക്കുട്ടൻ ഒരു പാവത്താനാ. ഒരു കഴമ്പില്ല. എനിക്ക് ആ കുടുംബത്തിന്റെ അകവും പുറവും അറിയാം. അമ്മയെ കാണാതെ മോനും മോനെ കാണാതെ അമ്മയും ജീവിക്കയില്ല."

ഷൈനിയുടെ ഹൃദയത്തിൽ കാളകൂടം കവിഞ്ഞൊഴുകി. അവളുടെ മുഖത്തും കാളിമ പരന്നു.

“പിന്നെ എന്തിനാണയാൾ കല്യാണം കഴിച്ചത?”

ഷൈനി ആത്മഗതമെന്നോണം പിറുപിറുത്തു.

ആനന്ദക്കുട്ടന്റെയും ഷൈനിയുടെയും മധുവിധുവിന്റെ മൂന്നു ദിനരാത്രങ്ങൾ കൊഴിഞ്ഞുവീണു. നവവധുവുമൊത്ത് സ്വഭവനത്തിലേക്ക് പോകേണ്ട ദിവസമായി. ഏതൊരു പുരുഷന്റെയും സ്ത്രീയുടെയും സന്തോഷദായകമായ ദിവസമാണത്. ഒരുപുതുജീവിതത്തിലേക്ക് അവർ കാലെടുത്തുവയ്ക്കുകയാണ്. ഗംഗയും യമുനയും സംഗമിക്കുന്നു. പലതും പലതിനും വഴിമാറുന്നു. മുൻഗണനകൾ മാറുന്നു. ചില വിഗ്രഹങ്ങൾ വീണ് ഉടയുന്നു. അത് നിയതിയുടെ നിയമമാണ്.

അമ്മയും സഹോദരിമാരും വീടിന്റെ പൂമുഖത്തുതന്നെ ഉണ്ടാവുമെന്ന് കരുതി. ടാക്സിക്കാരന്റെ കണക്ക് തീർത്തിട്ട് ആനന്ദക്കുട്ടൻ വീട്ടുമുറ്റത്തേക്ക് നടന്നു. ഷൈനിയും കൂടെയുണ്ട്.

നവവധുവിനെ ആരതി ഉഴിഞ്ഞാണ് വരന്റെ മാതാവ് സ്വീകരിക്കേണ്ടത്. അതാണ് പാരമ്പര്യം. അതാണ് ചടങ്ങ്. ഒരു വലിയ നിലവിളക്ക് കത്തിച്ച് പൂമുഖത്ത് വച്ചിട്ടുണ്ടാവും. ഒരു ചെറിയ നിലവിളക്ക് വധുവിന്റെ മുഖത്തിന് ചുറ്റും മൂന്നുതവണ ഉഴിയും. ചടങ്ങ് തികച്ചും ഹൈന്ദവമാണെങ്കിലും കേരളത്തിലെ സമ്പത്തുള്ള പല ക്രിസ്ത്യൻ ഭവനങ്ങളിലും ഇത് അനുഷ്ഠിക്കാറുണ്ട്, അല്പസ്വല്പ വ്യതിയാനങ്ങളോടുകൂടി. ഹൈന്ദവഭവനങ്ങളിൽ സപ്തപദിയിലെ ചില ശ്ലോകങ്ങൾ ഉരുവിടും. എന്നാൽ ക്രൈസ്തവഭവനങ്ങളിൽ സപ്തപദി ചൊല്ലാറില്ല. എന്നാൽ നാല്പത്തഞ്ചാം സങ്കീർത്തനത്തിലെ ചില ഭാഗങ്ങൾ വായിക്കും.

*“അല്ലയോ കുമാരി കേൾക്കുക, നോക്കുക, ചെവിചായ്ക്ക. സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്കുക.*

*അപ്പോൾ രാജാവ് നിന്റെ സൌന്ദര്യത്ത ആഗ്രഹിക്കും. അവൻ നിന്റെ നാഥനല്ലോ, നീ അവനെ നമസ്ക്കരിച്ചുകൊൾക.”*

സങ്കീർത്തനങ്ങളിലെ പ്രേമഗീതമാണ് നാല്പത്തിയഞ്ചാം സങ്കീർത്തനം. സാരസരാഗത്തിലുള്ള ഈ സങ്കീർത്തനം കോരഹ്പുത്രന്മാരുടെ ഒരു കീർത്തനമാണ്. മഹാനായ സോളമൻ രാജാവിന്റെ ഒരു വിവാഹദിനത്തിൽ ആലപിക്കാനാണ് ഈ ഗാനം രചിക്കപ്പെട്ടതെന്നാണ് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്.

ആനന്ദക്കുട്ടന്റെ അമ്മയുടെ ചാർച്ചയിൽപെട്ട ഒരു കാരണവർ സങ്കീർത്തനം വായിച്ചു. ഉടൻതന്നെ അദ്ദേഹത്തിന്റെ സുഗ്രീവാജ്ഞയും വന്നു.

“വലതുകാൽ വച്ചേ കയറാവൂ.”

നവവധുവിനോടാണ് ആജ്ഞ. ആരതിയും നിലവിളക്കുമൊന്നും ഉണ്ടായില്ല.

നവവധുവിനെ കൈകൊടുത്ത് വീട്ടിലേക്ക് പിടിച്ചുകയറ്റേണ്ടത് വരന്റെ മാതാവാണ്. പുത്രവധു ലക്ഷ്മീദേവിയാണെന്നാണ് ഭാരതസങ്കല്പം.

ആനന്ദക്കുട്ടൻ ചുറ്റും നോക്കി. അമ്മ എവിടെ?

ആനന്ദക്കുട്ടൻ ആരോടെന്നില്ലാതെ ചോദിച്ചു.

“അമ്മ എവിടെ?”

ആരും മറുപടി പറഞ്ഞില്ല.

ആഹ്ലാദപൂർണ്ണമായ ഒരു വരവേല്പ് പ്രതീക്ഷിച്ചാണ് ആനന്ദക്കുട്ടൻ നവവധുവുമൊത്ത് സ്വന്തം ഭവനത്തിലേക്ക് വന്നത്. പ്രതീക്ഷിച്ചതുപോലെ സഹോദരിമാരും അവരുടെ സന്തതികളും വീടിന്റെ പൂമുഖത്തുതന്നെയുണ്ട്.

പക്ഷേ എവിടെയോ ഒരു താളപ്പിഴ സംഭവിച്ചിരിക്കുന്നു.

സന്തോഷപ്രകടനങ്ങളില്ല.

ആലിംഗനമില്ല.

ആരതിയില്ല.

പുത്തൻപെണ്ണിന് വരവേല്പ് ഉണ്ടാകുമെന്ന് കരുതി; അതില്ല.

സഹോദരിമാർ ഗൌരവഭാവത്തിലാണ്. അവരുടെ ഭർത്താക്കന്മാർ തികഞ്ഞ നിസ്സംഗതയോടെ മറ്റുകാര്യങ്ങളിൽ വ്യാപൃതരാണെന്ന് ഭാവിക്കുന്നു.

സഹോദരിമാരും ചാർച്ചക്കാരും കാഴ്ചബംഗ്ലാവിലെ മൃഗത്തെ നോക്കുന്നതുപോലെ പുത്തൻപെണ്ണിനെ നിരീക്ഷിച്ചുനില്ക്കുന്നു.

“ഇത് എന്താണിങ്ങനെ?”

ഷൈനി കോപവും താപവും കലർന്ന മുഖത്തോടെ ആനന്ദക്കുട്ടനെ നോക്കി.

ആനന്ദക്കുട്ടനാണ് വീട്ടിലെ ഇളയമകൻ. കണ്മണിപോലെയാണ് അമ്മ അവനെ വളർത്തിയത്. അച്ഛൻ മരിച്ചതിനുശേഷം അമ്മയുടെ ജീവിതം ഒരു യുദ്ധമായിരുന്നു.

പറക്കമുറ്റാത്ത മൂന്ന് മക്കളുടെ സംരക്ഷണം.

രണ്ടു പെൺമക്കളുടെ വിവാഹം.

ഇളയ മകനായ ആനന്ദക്കുട്ടന്റെ എഞ്ചിനീയറിംഗ് കാളേജിലെ വിദ്യാഭ്യാസം.

അർഹതയുള്ള സ്വത്ത് തട്ടിയെടുത്ത ഭർത്തൃസഹോദരങ്ങളോടുള്ള വ്യവഹാരം.

ഇതെല്ലാം അമ്മയ്ക്ക് ജീവിതസമരങ്ങളായിരുന്നു. സാമ്പത്തികത്തകർച്ച ഉണ്ടായപ്പോൾ സമ്പന്നഗൃഹങ്ങളിൽ ഊഴിയവേല ചെയ്യാൻ പോലും അമ്മ മടിച്ചിട്ടില്ല.

“എന്റെ അമ്മയുടെ പോരാട്ടമാണ് എന്നെ ഞാനാക്കിയത്.”

എഞ്ചിനീയറിംഗ് കാളേജിൽ നിന്ന് റാങ്കോടെ ജയിച്ചപ്പോൾ അനുമോദിക്കാൻ വന്നവരോട് ആനന്ദക്കുട്ടൻ പറഞ്ഞു.

“എന്റെ പൊന്നുമോൻ ആനന്ദക്കുട്ടനാണ് എനിക്കെല്ലാം. അവന്റെ വളർച്ചയാണ് എന്റെ ആനന്ദം.”

അമ്മയും ആരോടൊക്കെയോ പറഞ്ഞു.

പക്ഷേ ഇന്ന് നവവധൂവരന്മാരെ സ്വാഗതം ചെയ്ത് ആശിർവദിക്കാൻ നിരന്നുനിന്ന ബന്ധുജനങ്ങളുടെ കൂട്ടത്തിൽ അമ്മയില്ല.

“അമ്മയെവിടെ?”

ആനന്ദക്കുട്ടൻ ആരോടെന്നില്ലാതെ ചോദിച്ചു. ആരും മറുപടി പറഞ്ഞില്ല.

“വല്യേച്ചി, അമ്മയെവിടെ?”

വല്യേച്ചി ഒന്നും മിണ്ടിയില്ല.

“കൊച്ചേച്ചി , അമ്മയെവിടെ?”

“അമ്മ ഇവിടെ എവിടെയെങ്കിലും കാണും. അമ്മ എവിടെ പോകാൻ?”

ആനന്ദക്കുട്ടന്റെ കൊച്ചേച്ചി നിസ്സംഗതയോടെ മറുപടി പറഞ്ഞു.

“അമ്മയ്ക്ക് എന്തെങ്കിലും അസുഖം?”

അതിന് മറുപടി പറഞ്ഞത് വല്യേച്ചി ആയിരുന്നു.

“അമ്മയ്ക്ക് ഒരസുഖവുമില്ല. ആരും അമ്മയ്ക്ക് അസുഖമൊന്നും വരുത്തി വയ്ക്കാതിരുന്നാൽ മതി.”

എന്താണ് ആ കുത്തുവാക്കുകളുടെ അർത്ഥം? ആനന്ദക്കുട്ടന് ഒന്നും മനസ്സിലായില്ല.

“കമ്മേ, കമ്മേ. എപ്പോഴും കമ്മേ. എന്തിനാണ് ഇങ്ങനെ തൊള്ള തുറക്കുന്നത്?”

പുത്തനച്ചിയുടെ കമന്റായിരുന്നത്. നവവരൻ മാത്രം കേൾക്കത്തക്ക വിധത്തിൽ ശബ്ദം താഴ്ത്തിയാണ് അതവൾ പഞ്ഞത്. എങ്കിലും ചിലരൊക്കെ അതു കേട്ടു. ചിലർ മൂക്കത്ത് വിരൽ വച്ചു.

“അവൾ പറഞ്ഞത് കേട്ടോ? ഇന്ന് ഇത്രയുമാണെങ്കിൽ കുറച്ചുനാൾ കഴിഞ്ഞാലോ?”

പുത്തരിച്ചോറിൽ കല്ല് കടിച്ചിരിക്കുന്നു. എവിടെയാണ് തകരാറ്? ഷൈനി സമ്പത്തുള്ള വീട്ടിലെയാണ്. ആ അഹങ്കാരം അവൾക്കുണ്ടോ?

"തന്നിൽ എളിയവരുമായേ ബന്ധുത കൂടാവൂ."

ഒരിക്കൽ കറിയാ വല്യപ്പൻ പറഞ്ഞതാണ്. അതൊരു പൊതുതത്വം മാത്രമാണെന്ന് കരുതി കാര്യമാക്കിയില്ല.

ഷൈനിയുടെ പിതാവ് പുത്തനാടൻ ചാക്കോ കാശുകാരനായതിന്റെ പിന്നാമ്പുറക്കഥകൾ ഒരിക്കൽ ശകുനിക്കുട്ടൻ തന്നെ പറഞ്ഞുകേട്ടതാണ്. പക്ഷേ ആനന്ദക്കുട്ടൻ അതും കാര്യമായെടുത്തില്ല.

"അബദ്ധം പിണഞ്ഞോ?"

ആനന്ദക്കുട്ടൻ സ്വയം ചോദിച്ചു.

"അമ്മയെവിടെ ചേച്ചിമാരേ? ഒന്നു പറയൂ."

"അമ്മ അമ്മയുടെ മുറിയിലുണ്ട്. നല്ല സുഖമില്ലെന്നു തോന്നുന്നു."

ആരോ ഒരാൾ പറഞ്ഞു.

അമ്മയുടെ മുറിയിലേക്ക് ചെന്ന ആനന്ദക്കുട്ടൻ കണ്ടത് കട്ടിലിൽ കിടന്ന് വിതുമ്പുന്ന അമ്മയെയാണ്.

"അമ്മേ," ആനന്ദക്കുട്ടൻ വിളിച്ചു.

"പനി വല്ലതും"

ആനന്ദക്കുട്ടൻ അമ്മയുടെ നെറ്റിയിൽ കൈ വച്ചുനോക്കി. പക്ഷേ, അമ്മ ആ കൈകൾ തട്ടിമാറ്റി. അത് പതിവില്ലാത്തതാണ്.

അന്നുരാത്രി മണവറയുടെ വാതിലുകൾ കൊട്ടിയടയ്ക്കപ്പെട്ടപ്പോൾ അവരുടെ കുടുംബജീവിതത്തിൽ താളപ്പിഴയുടെ പല വാതിലുകൾ തുറക്കപ്പെട്ടു.

ഷൈനി എന്ന നവവധുവിന് പല ചോദ്യങ്ങളുണ്ടായിരുന്നു. പല കുത്തുവാക്കുകളും അതോടൊപ്പമുണ്ടായിരുന്നു.

"ഈ ചേച്ചിമാർ എന്നാണ് അവരുടെ വീടുകളിലേക്ക് പോകുന്നത്?"

“ഈ വല്യേച്ചി എന്തിനാണ് എന്റെ കഴുത്തിൽ ഇങ്ങനെ സൂക്ഷിച്ചുനോക്കുന്നത്? എനിക്ക് ആവശ്യമുള്ള സ്വർണ്ണമെല്ലാം തന്നാ എന്റെ ഡാഡി എന്നെ കെട്ടിച്ചയച്ചത്.”

“എന്റപ്പൻ ബിസിനസ്സ് ചെയ്താ കാശുണ്ടാക്കിയത്. റബ്ബർ വെട്ടിയല്ല.”

നവവധുവിന്റെ ആക്ഷേപം നിറഞ്ഞ വാക്കുകൾ ആനന്ദക്കുട്ടന്റെ ഹൃദയത്തിൽ മുറിവുകൾ സൃഷ്ടിച്ചു. എന്നാൽ അതെല്ലാം അയാൾ അവഗണിക്കുന്നതായി ഭാവിച്ചു.

അമ്മയുടെ ഇളയസഹോദരനാണ് മത്തായിക്കുട്ടി. അമ്മയുടെ മന:സാക്ഷി സൂക്ഷിപ്പുകാരനാണയാൾ. അമ്മ ഹൃദയം തുറക്കുന്നത് മത്തായിക്കുട്ടിയോടാണ്.

“ചേച്ചി, പുത്തൻ പെണ്ണും ചെറുക്കനും കൂടി വീട്ടിൽവന്നു കയറിയപ്പോൾ ചേച്ചി ഇങ്ങനെ കിടക്കുന്നത് ശരിയാണോ?”

മത്തായിക്കുട്ടി ചോദിച്ചു.

“എടാ എനിക്ക് തലവേദനയാണെന്ന് പറഞ്ഞല്ലോ. ശരീരസുഖമുണ്ടെങ്കിലല്ലേ എഴുന്നേല്ക്കാൻ പറ്റൂ? മറ്റുള്ളവരെ പ്രസാദിപ്പിക്കാൻ പറ്റൂ?”

“ചേച്ചി, ഇത് തലവേദനയല്ല; മനോവേദനയാണ്. എനിക്ക് ചേച്ചിയെ എത്ര വർഷങ്ങളായിട്ടറിയാം!”

“നീ ആരോടും പറയരുത്, ഒരു രഹസ്യം ഞാൻ പറയാം.”

“എന്ത് രഹസ്യം ചേച്ചി? ഞാൻ ആരോടും പറയുകയില്ല.”

“എടാ, എന്റെ നാഗപടത്താലി കാണുന്നില്ല.”

“നാഗപടത്താലിയോ? അത് ആരെടുക്കാൻ? ചേച്ചി എവിടെയാണ് അത് സൂക്ഷിച്ചിരുന്നത്?”

“എന്റെ കാൽപ്പെട്ടിയിൽ. അതെടുത്തത് അവൻ തന്നെയാ.”

“ആര്?”

“എന്റെ പൊന്നുമോൻ, ആനന്ദക്കുട്ടൻ, പുത്തൻ മണവാളൻ.”

“ഛേ, അവൻ അതെടുക്കുമോ?”

“അങ്ങനെയാ ഞാനും വിചാരിച്ചത്. ഇപ്പോൾ കാലം മാറിയില്ലേ? എന്റെ കഷ്ടകാലത്ത്, കാശിന് വളരെ ബുദ്ധിമുട്ടുണ്ടായിരുന്ന കാലത്തുപോലും ഞാനത് വിറ്റില്ല. കാരണം, ആനന്ദക്കുട്ടന്റെ അച്ഛൻ എനിക്ക് വാങ്ങിത്തന്ന നിധി ആയിരുന്നത്. അത് അവൻ എടുത്തുകൊണ്ടുപോയല്ലോ. കള്ളൻ.”

ചേച്ചി, ഒരു കാര്യം ഞാൻ ചോദിക്കുവാ. ആനന്ദക്കുട്ടനാണ് അത് എടുത്തതെന്ന് ചേച്ചിക്ക് എങ്ങനെ അറിയാം? ചേച്ചി കണ്ടില്ലല്ലോ?”

“എടാ, അവന്റെ കൂട്ടുകാരനുണ്ടല്ലോ ആ കല്യാണക്കുട്ടൻ; പിള്ളാര് ശകുനിക്കുട്ടൻ എന്ന് കളിയാക്കി വിളിക്കുന്ന ആ പയ്യൻ. അവൻ ഒരു കാര്യം എന്നോട് പറഞ്ഞു. കാമ്പിത്തോട്ടിലെ പെണ്ണുങ്ങൾ ശൂർപ്പണഖകളാ. അവര് വിചാരിച്ച കാര്യം നടത്തിക്കും, ഭർത്താക്കന്മാരെക്കൊണ്ട്. അതിനുള്ള മന്ത്രം അവർക്കറിയാം. ഭാര്യയെ പ്രീതിപ്പെടുത്താൻ അവൻ എന്റെ നാഗപടത്താലി എടുത്തുകൊണ്ടുപോയതാ.”

അവർ തുടർന്നു.

“ഞാൻ കാത്ത് സൂക്ഷിച്ച നിധി ഒരു ദിവസംകൊണ്ട് കൈവിട്ടു പോയല്ലോ.”

ആ വിലാപത്തിന് ദ്വയാർത്ഥമുണ്ടായിരുന്നു.

“ചേച്ചി, ഊഹിച്ചു പറയുന്നതല്ലേ? തെളിവ് എന്തെങ്കിലുമുണ്ടോ?”

“ഇല്ലെങ്കിൽ എന്റെ നാഗപടത്താലി എവിടെപ്പോയി? ഈ ജന്മത്ത് ആനന്ദക്കുട്ടന് മാത്രമേ അത് എവിടെയാണ് ഞാൻ സൂക്ഷിച്ചിരിക്കുന്നതെന്ന് അറിയാവൂ. ഞാൻ നിന്നോട് പറഞ്ഞിട്ടില്ല, എന്റെ പെൺമക്കളോട് പോലും പറഞ്ഞിട്ടില്ല. ഇന്നലെ മാത്രമാ എന്റെ പെൺപിള്ളാർ ഇക്കാര്യം അറിയുന്നത്.”

“എന്ത് കാര്യം?”

“എന്റെ മാല നഷ്ടപ്പെട്ട കാര്യം.”

“പുത്തൻപെണ്ണിനെ പ്രസാദിപ്പിക്കാനാണ് അവൻ ചേച്ചിയുടെ നാഗപടത്താലി എടുത്തത് എന്നാണ് ചേച്ചിയുടെ നിഗമനം. പക്ഷേ വിവാഹത്തിന് മുമ്പ് അവർ തമ്മിൽ അതിനെക്കുറിച്ച് സംസാരിക്കാൻ ഒരു സാധ്യതയുമില്ല. ചേച്ചിയുടെ സംശയമല്ലേ ഈ കഥകളെല്ലാം മെനഞ്ഞുണ്ടാക്കുന്നത്?”

“എടാ, കാമ്പിത്തോട്ടിലെ പെണ്ണാ അവള്. ശൂർപ്പണഖയാ. അവള് ഇതും ഇതിനപ്പുറവും ചെയ്യും. അല്ലെങ്കിൽ അവനെക്കൊണ്ട് ചെയ്യിക്കും.”

“പക്ഷേ അവൾ ഇന്നലെയല്ല്യോ ഈ ഭവനത്തിൽ കാലുകുത്തിയത്?”

“അവർ തമ്മിൽ ഫോണിൽ സംസാരിച്ചുകാണും. എന്റെ ദൈവമേ, കാശിന് ബുദ്ധിമുട്ടിയ കാലത്തുപോലും ഞാനത് വിൽക്കാതെ സൂക്ഷിച്ചതാ. അവനിത്രയും നന്ദി ഇല്ലാത്തവനായിപ്പോയല്ലോ.”

“ആനന്ദക്കുട്ടാ, ഞാനൊരുകാര്യം ചോദിച്ചാൽ സത്യം പറയണം.”

മത്തായിക്കുട്ടി എന്ന കൊച്ചമ്മാവൻ ആനന്ദക്കുട്ടനെ ചോദ്യം ചെയ്തു.

“എന്താണ് അങ്കിൾ ഇങ്ങനൊക്കെ വളച്ചുകെട്ടി പറയുന്നത്? കാര്യമെന്താണെന്ന് പറയൂ.”

“ചേച്ചിയുടെ നാഗപടത്താലി കാണുന്നില്ല. അത് നീ എവിടെയെങ്കിലും കണ്ടോ?”

“എന്ത് അമ്മയുടെ നാഗപടത്താലി കണ്ടില്ലെന്നോ? അത് അമ്മയുടെ കാൽപ്പെട്ടിയിലാണല്ലോ സൂക്ഷിച്ചിരുന്നത്. അതിന്റെ താക്കോൽ അമ്മയുടെ കൈയിൽ മാത്രമാണുള്ളത്. അത് എങ്ങനെ കാണാതായി?”

“ചേച്ചിക്ക് സംശയം അത് നീ എടുത്തിട്ടുണ്ടാവുമെന്നാണ്.”

“ഞാനോ? എനിക്കെന്തിനാണ് അമ്മയുടെ മാല?”

“അല്ല, ഷൈനിക്ക് കൊടുക്കാനോ മറ്റോ?”

മത്തായിക്കുട്ടി എന്ന കുഞ്ഞമ്മാവൻ സങ്കോചത്തോടെ പറഞ്ഞു.

“ഛേ, ഞാനെടുത്തില്ല. അത് അമ്മയുടെ കാൽപ്പെട്ടിയിൽ തന്നെ കാണും.”

“എന്നാൽ കുഞ്ഞേ ഞാൻ ചോദിച്ചിട്ടില്ലെന്ന് വച്ചോളൂ. ചേച്ചിയുടെ ഒരു സംശയം ഞാൻ പറഞ്ഞെന്നേയുള്ളു.”

വാതിൽപ്പാളിയുടെ മറവിൽ നിന്നിരുന്ന ഷൈനി എന്ന പുതുമണവാട്ടി ഈ സംഭാഷണം ശ്രവിക്കുന്നുണ്ടായിരുന്നുവെന്ന് ആനന്ദക്കുട്ടനോ അയാളുടെ കുഞ്ഞമ്മാവനോ അറിഞ്ഞില്ല.

അന്ന് മധുവിധുരാവിന്റെ വാതിലുകൾ അടഞ്ഞപ്പോൾ ഷൈനി ഈറ്റപ്പുലി പോലെ ഗർജ്ജിച്ചു.

“കാമ്പിത്തോട്ടിലെ ഷൈനിയുടെ പട്ടിക്ക് വേണം നിങ്ങളുടെ തള്ളച്ചിയുടെ മാല. നിങ്ങടെ പെങ്ങന്മാരുടെ നോട്ടത്തിന്റെ അർത്ഥം എനിക്ക് ഇപ്പോഴാണ് മനസ്സിലായത്. ആയിരം നാഗപടത്താലി വാങ്ങിക്കാനുള്ള കാശ് എന്റെ അച്ഛനുണ്ട്. അയാൾ റബർവെട്ടുകാരനല്ല, എന്റെ അമ്മ ആരുടെയും എച്ചിൽ തിന്നിട്ടുമില്ല; മനസ്സിലാക്കിക്കോ.”

പുതുമണവാട്ടിയുടെ വാക്കുകൾ ആനന്ദക്കുട്ടന്റെ ഹൃദയത്തിൽ കൂരമ്പായി തറച്ചു. പക്ഷേ അയാൾ വേദന പുറത്തു കാട്ടിയില്ല.

പിറ്റേ ദിവസം പ്രഭാതത്തിൽ ആനന്ദക്കുട്ടന്റെ അമ്മ ഇളയ സഹോദരനെ വിളിച്ചുണർത്തി പറഞ്ഞു.

“എടാ, മത്തായിക്കുട്ടി, കിട്ടിയെടാ എന്റെ നാഗപടത്താലി. ഞാൻ മാതാവിന് എത്ര നേർച്ചനേർന്നതാ.”

“എങ്ങനെ കിട്ടി?”

“അത് എന്റെ കാൽപ്പെട്ടിയിൽ തന്നെയുണ്ടായിരുന്നു. ഞാൻ സാരി അടുക്കിവച്ചപ്പോൾ മാറിപ്പോയതാ.”

“അത് അങ്ങനെ നഷ്ടപ്പെടാൻ ദൈവം സമ്മതിക്കുമോ? അത് ജീവനുള്ളതാ. ആനന്ദക്കുട്ടന്റെ അച്ഛൻ എത്രനാൾ റബ്ബർ വെട്ടിയുണ്ടാക്കിയതാ ആ മുതൽ!”

കുഞ്ഞമ്മാവൻ സദ്വർത്തമാനവുമായി ആനന്ദക്കുട്ടന്റെ സമീപത്തേക്ക് ഓടി.

“ചേച്ചിയുടെ മാല കണ്ടു. ചേച്ചിയുടെ നാഗപടത്താലി കിട്ടി.”

അയാൾ വിളിച്ചുപറഞ്ഞു.

ആനന്ദക്കുട്ടനും ഷൈനിയും ഒന്നും മിണ്ടിയില്ല. അവരുടെ കുടുംബജീവിതത്തിൽ അവിശ്വാസത്തിന്റെയും സ്നേഹമില്ലായ്മയുടെയും പൊരുത്തക്കേടിന്റെയും വിത്തുകൾ പാകിക്കഴിഞ്ഞിരുന്നു. ശകുനിക്കുട്ടൻ വിതച്ച വിഷവിത്ത് നല്ല വളക്കൂറുള്ള മണ്ണിലായിരുന്നു വീണത്.